പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ T 2445

08/03/2017 ൽ
മറുപടിക്ക്

**കെ.എസ്.ഡി.പി. യുടെ പുനരുജ്ജീവനം**

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) സർക്കാർ പൊതു മേഖലാ ഔഷധ കമ്പനിയായ കെ.എസ്.ഡി.പി യുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ ; | എ) 1974 ൽ സ്ഥാപിതമായ കെ.എസ്.ഡി.പി. പ്രധാനമായും Kerala Medical Services Corporation Limited (K.M.S.C.L.) നെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. 1984 ൽ പ്രവർത്തനമാരംഭിച്ച വൈറ്റമിൻ എ പ്ലാന്റ് 2003 മുതൽ പ്രവർത്തിക്കാത്തതിനാൽ ടി പ്ലാന്റിലെ ഉപയോഗത്തിലല്ലാത്ത മെഷീനറികളും മറ്റ് അനുബന്ധ സാധനങ്ങളും Metal Scrap Trading Corporation (M.S.T.C.) വഴി വിൽപ്പനയ്ക്കായി വച്ചിരിക്കുകയാണ്. ബീറ്റാലാക്ടം, നോൺ ബീറ്റാലാക്ടം എന്നീ രണ്ട് വിഭാഗം മരുന്നുകൾ K.M.S.C.L -ന് നൽകിവരുന്നു. നോൺ ബീറ്റാ മരുന്നുകൾക്ക് 1974 ൽ സ്ഥാപിതമായ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ആണ് ഉപയോഗിച്ചുവരുന്നത്. ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതിലേയ്ക്കായി ഒരു പദ്ധതി രൂപരേഖ ചെയ്തിട്ടുണ്ട്. ബീറ്റാലാക്ടം മരുന്നുകൾക്ക് ജി.എം.പി.നിലവാരത്തിലുള്ള ഒരു പ്ലാന്റ് 2011 മുതൽ പ്രവർത്തിച്ചുവരുന്നു.<br>നിലവിൽ കമ്പനിയുടെ വിപണനം കെ.എം.എസ്.സി.എൽ.നായി 50%വും, മറ്റിതര സംസ്ഥാനങ്ങളുടെ ഗവൺമെന്റ്തല വിതരണത്തിനായി 50% വും ആണ്. |

| | |
|---|---|
| ബി) ഇത് പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതി ആലോചനയിലുണ്ടോ എന്നറിയിക്കാമോ? | ബി) K.S.D.P യിൽ പുതിയ നോൺ ബീറ്റാലാക്ടം പദ്ധതികൾ വരുന്നതോടുകൂടി 150 ൽ പരം മരുന്നുകൾ കെ.എം.എസ്.സി.എൽ ന് നൽകുവാൻ പര്യാപ്തമാകും. ഇതിനായി നിലവിലെ കമ്പനിയുടെ വിറ്റാമിൻ എ പ്ലാന്റിന്റെ കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കി 22.52 കോടി മുതൽമുടക്കി ജി.എം.പി. നിലവാരമുള്ള ഒരു ഫാക്ടറിയ്ക്കാണ് രൂപ രേഖ നൽകിയിട്ടുള്ളത്. ടി പദ്ധതി പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് നല്ല ഗുണ നിലവാരമുള്ള മരുന്നുകൾ നൽകുവാനാകും. പുതുതായി സ്ഥാപിച്ച ടെസ്റ്റിംഗ് ലബോറട്ടറിയ്ക്ക് National Accreditation Board for Laboratories ന്റെ സർട്ടിഫിക്കേഷൻ ലഭിക്കുന്നതോടെ ക്വാളിറ്റി ടെസ്റ്റിംഗ് പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാൻ സാധിക്കും. കൂടാതെ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും, സ്വകാര്യ സ്ഥാപനങ്ങളുടെയും പലവിധ ക്വാളിറ്റി ടെസ്റ്റിംഗ് ആവശ്യങ്ങൾക്ക് ഈ ലബോറട്ടറി ഉപയോഗപ്പെടും. ആരോഗ്യമേഖലയ്ക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയ്ക്കായി 2017-18 ൽ 18.15 കോടി രൂപ ബഡ്ജറ്റിൽ കമ്പനിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. |

Bindumol. K.N

സെക്ഷൻ ഓഫീസർ